പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 621 — 26.04.2017 ൽ മറുപടിക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ സ്ഥിരനിയമനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഐഷാപോറ്റി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ സ്ഥിരനിയമനങ്ങൾ കരാർ വ്യവസ്ഥയിലേക്ക് മാറ്റാൻ ആലോചനയുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഇല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ അനാവശ്യ തസ്തികകൾ ഒഴിവാക്കിയും ജോലി ഭാരം കുറവുള്ള തസ്തികകൾ പുനക്രമീകരിച്ചും ബോർഡിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനുള്ള പഠനങ്ങൾ നടന്നു വരികയാണ്. |
| (ബി) | വരുമാനത്തിന്റെ ലഭ്യതയനുസരിച്ച് ക്ഷേത്രങ്ങളിൽ ഭക്തർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ദേവസ്വം ബോർഡ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | ഭക്തജനങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ വകുപ്പ് മേധാവികളുടെയും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ ബോർഡ് വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ